ഹയസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.
തീയതി-27/05/2016

നം.എ.സി.ഡി.സി1/22542/എച്ച്.എസ്.ഇ/16

സർക്കുലർ

വിഷയം-എച്ച്.എസ്.ഇ-എസ്.പി.സി യുടെ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ ക്ലാസ്സുകൾക്കായി ഹയർ സെക്കന്ററി സ്മാർട്ട് റൂമുകൾ അനുവദിക്കുന്നത്-സംബന്ധിച്ച്-

സൂചന-എസ്.പി.സി പ്രോജക്ട് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ 21/05/2016 ലെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി 2016 മെയ് 30ന് സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലെയും ഐ.റ്റി @ സ്കൂൾ സ്മാർട്ട് ക്ലാസ്റൂം പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി സ്കൂളിൽ വച്ച് എസ്.പി.സി യുടെ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു ക്ലാസ് സംപ്രേക്ഷണം ചെയ്യുന്നുണ്ടെന്നും അതിനായി പ്രസ്തുത സ്കൂളുകളിലെ സ്മാർട്ട്റൂം അനുവദിക്കണമെന്നും സൂചന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എസ്.പി.സി യുടെ ക്ലാസ് സംപ്രേക്ഷണം ചെയ്യുന്നതിനായി ഐ.റ്റി @ സ്കൂളിന്റെ സ്മാർട്ട് ക്ലാസ്റൂം പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ, എസ്.പി.സി പ്രോജക്ടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകണമെന്ന് അറിയിക്കുന്നു.

ജോയിന്റ് ഡയറക്ടർ(അക്കാഡമിക്)